(ഡി) ഈ കേസിലെ എഫ്.ഐ.ആറിൽ പരാമർശിച്ചിട്ടുള്ള അരുൺകുമാർ എന്നയാൾക്ക് മുരളിയുടെ കൊലപാതകത്തിൽ പങ്കുള്ളതായി അന്വേഷണത്തിൽ വെളിവായിട്ടില്ല. ടിയാൻ ഫെയ്സ് ബുക്കിൽ പോസ്റ്റ് ചെയ്തത് മുരളി വധത്തിനു മുമ്പായിരുന്നു. ആയതിനാൽ ടിയാനതിരെയുള്ള കേസ് 25-12-2014-ൽ Mistake of Facts ആയി കോടതിയിൽ അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

ചന്ദ്രബോസിന്റെ കൊലപാതകം

215 (221) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ശോഭാ സിറ്റിയിലെ സെക്യൂരിറ്റി ജീവനക്കാരനായ ചന്ദ്രബോസിനെ അതിക്രൂരമായി മർദ്ദിച്ച് കൊലപ്പെടുത്തിയതു സംബന്ധിച്ച കേസ്സിലെ പ്രതി മുഹമ്മദ് നിഷാം ഇതിനു മുമ്പ് സംസ്ഥാനത്ത് എത്ര കേസ്സുകളിൽ പ്രതി ചേർക്കപ്പെട്ടിട്ടുണ്ട്;

(ബി) ഇതിൽ എത്ര കേസ്സുകൾ പോലീസിന്റെയും, പ്രോസിക്യൂഷന്റെയും വീഴ്ച കാരണം വിചാരണ ചെയ്യപ്പെടാതെ പോയിട്ടുണ്ട്; ഇതു സംബന്ധിച്ച് ആഭ്യന്തര വകുപ്പ് ഏതെങ്കിലും തരത്തിലുള്ള വിലയിരുത്തലുകൾ നടത്തിയിട്ടുണ്ടോ;

(സി) നിരന്തരം ധാർഷ്ട്യത്തോടെ നിയമ ലംഘനം നടത്തി കേസ്സുകളിൽ പ്രതിയായിട്ടും, പണത്തിന്റെയും ഉന്നത ബന്ധങ്ങളിലെ സ്വാധീനം കൊണ്ടും മുഹമ്മദ് നിഷാം വിചാരണ ചെയ്യപ്പെടാതെയും ശിക്ഷിക്കപ്പെടാതെയും രക്ഷപ്പെടുന്നുവെന്ന അതീവ ഗൗരവകരമായ ആക്ഷേപം ഉയർന്നുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എന്തു നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ചന്ദ്രബോസിന്റെ കൊലക്കേസിലെ പ്രതിയായ മുഹമ്മദ് നിഷാം ടി കൊലക്കേസിന് പുറമെ സംസ്ഥാനത്ത് 12 കേസുകളിൽ പ്രതി ചേർക്കപ്പെട്ടിട്ടുണ്ട്.

(ബി) ടിയാനെതിരെയുള്ള കേസുകൾ പോലീസിന്റെയും പ്രോസിക്യൂഷന്റെയും വീഴ്ച കാരണം വിചാരണ ചെയ്യപ്പെടാതെ പോയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി & ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കേസുകളുടെ ഒത്തുതീർപ്പുകളെ സംബന്ധിച്ചുള്ള വാർത്തകളുടെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly